"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് - കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ - ചെയർമാന്റേയും മെമ്പർമാരുടേയും സേവന വ്യവസ്ഥകൾ സംബന്ധിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

**ആസൂത്രണ സാമ്പത്തിക കാര്യ (ബി) വകുപ്പ്**

G.O.(Ms) No.26/2020/P&EA തീയതി, തിരുവനന്തപുരം, 01/10/2020

പരാമർശം:- 1 14/3/2020-ലെസ.ഉ(എം.എസ്) നം.11/2020/പ്ലാനിങ് നമ്പർ ഉത്തരവ്.

2 6/7/2020-ലെ G.O.(Rt) No.279/2020/പ്ലാനിങ് നമ്പർ ഉത്തരവ്.

3 സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ് ഡയറക്ടറുടെ 13.05.2020 ലെ കെ.എസ്.എസ്.എസ്.പി 1715/2020-ഡി.ഇ.എസ്. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരളത്തിന്റെ വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന വരുമാനം, കൃഷി, വ്യവസായം, പശ്ചാത്തല സൗകര്യം, ധനകാര്യം എന്നീ രംഗങ്ങളിലെ സാമ്പത്തിക സ്ഥിതിവിവരകണക്ക് സമയബന്ധിതമായി ലഭ്യമാക്കുന്നതിനും ദാരിദ്ര്യം, ലിംഗനീതി വിശകലനം, ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ, ജോലി, പരിസ്ഥിതി എന്നീ രംഗങ്ങളിലെ സാമൂഹിക, പാരിസ്ഥിതിക സ്ഥിതിവിവരകണക്ക് പൊതുമണ്ഡലത്തിൽ വരുത്തുന്നതിനുമായി സെൻസസ്, സാമ്പിൾ സർവ്വേകൾ, സ്ഥിതിവിവരകണക്ക് വിശകലനം, സ്റ്റാറ്റിസ്റ്റിക്കൽ ഇൻഫർമേഷൻ സിസ്റ്റം എന്നീ രംഗങ്ങളിലെ സ്ഥിതിവിവരകണക്ക് വിദ്യകളുടെ പ്രയോഗം നമ്മുടെ സംസ്ഥാനത്ത് നടപ്പിൽ വരുത്തുന്നതിന് സ്ഥിതിവിവരകണക്ക് മേഖലയിൽ വൈദഗ്ദ്ധ്യമുള്ളവർ അടങ്ങുന്ന മൂന്നു വർഷം കാലാവധിയുള്ള സംസ്ഥാന സ്ഥിതിവിവര കമ്മീഷൻ രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ. പി.സി.മോഹനൻ ചെയർമാനായും ശ്രീ.മീരാ സാഹിബ് അംഗമായും ഡോ.മധുര സ്വാമിനാഥൻ, ഡോ.വി.സുർജിത്ത് വിക്രമൻ എന്നിവർ പാർട്ട് - ടൈം അംഗങ്ങളായും കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ രൂപീകരിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.പരാമർശം 2 ലെ ഉത്തരവു പ്രകാരം കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് നിശ്ചയിച്ചും സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ് ഡയറക്ടറെ എക്സ് ഒഫിഷ്യോ മെമ്പർ ആയി ഉൾപ്പെടുത്തിയും ഉത്തരവായിരുന്നു.

2. കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷന്റെ സാങ്കേതികവും ഭരണപരവും സാമ്പത്തികവുമായ പ്രവർത്തനങ്ങൾക്കായി കമ്മീഷൻ ചെയർമാന് ഹോണറേറിയമായി പ്രതിമാസം 100000 രൂപയും മുഴുവൻ സമയ മെമ്പർ മാർക്ക് 50000 രൂപയും പാർട്ട് ടൈം മെമ്പർക്ക് ഓരോ സിറ്റിംഗിനും 5000 രൂപ വീതവും അനുവദിക്കണമെന്നും കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി ജോയിന്റ് ഡയറക്ടർ , റിസർച്ച് ഓഫീസർ, റിസർച്ച് അസിസ്റ്റന്റ്, സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളിൽ ഓരോ ഉദ്യോഗസ്ഥരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കണമെന്നും കമ്മീഷന്റെ ആവശ്യത്തിനായി മൂന്നു വാഹനങ്ങൾ വാടകവ്യവസ്ഥയിൽ അനുവദിക്കണമെന്നും 2000 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ ഓഫീസ് സ്ഥലം വാടകയ്ക്ക്

എടുക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശം (3) പ്രകാരം സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു

**3.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ ചെയർമാന് ഹോണറേറിയമായി പ്രതിമാസം ഒരു ലക്ഷം രൂപ, മുഴുവൻ സമയ മെമ്പർ മാർ ക്ക് 50000 (അൻപതിനായിരം രൂപ) രൂപ, പാർട്ട് ടൈം മെമ്പർക്ക് ഓരോ സിറ്റിംഗിനും 5000 (അയ്യായിരം രൂപ) രൂപ എന്ന ക്രമത്തിൽ അനുവദിക്കുന്നതിനും കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി താഴെ പറയുന്ന തസ്തികകൾ വർക്കിംഗ് അറേഞ്ചുമെന്റ് വ്യവസ്ഥയിൽ അനുവദിച്ചും ഉത്തരവാകുന്നു.

1, സെക്രട്ടറി - 1

2, റിസർച്ച് ഓഫീസർ - 1

3, റിസർച്ച് അസിസ്റ്റന്റ് - 1

4, സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് - 2

5, ഓഫീസ് അറ്റൻഡന്റ് - 1

കമ്മീഷന്റെ ആവശ്യത്തിനായി മൂന്നു വാഹനങ്ങൾ, 2000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഓഫീസ് സ്ഥലം എന്നിവ നടപടി ക്രമം പാലിച്ച് വാടകവ്യവസ്ഥയിൽ എടുക്കുന്നതിനും അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR VENU V IAS
ADDITIONAL CHIEF SECRETARY

പകർപ്പ്

1. മെർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിങ് ബോർഡ്, തിരുവനന്തപുരം.
2.ഡയറക്ടർ, സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ്, തിരുവനന്തപുരം.
3. കമ്മീഷൻ അംഗങ്ങൾ (ഡയറക്ടർ മുഖാന്തിരം)
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്) തിരുവനന്തപുരം.
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ) തിരുവനന്തപുരം.
6. ജില്ലാ കലക്ടർമാർ .
7.ധനകാര്യ വകുപ്പ് (14.09.2020 ലെ 1527677 : EXP-A3/293/2020-FIN Finance (Exp-A) Dept പ്രകാരം)
8.നിയമവകുപ്പ്.
9. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
10. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്(വെബ് & ന്യൂ മീഡിയ ഡിവിഷൻ)
11. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

പകർപ്പ്

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ PA യ്ക്ക്

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്.

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by MANOJ K S
Date: 2020.10.05 10:47:12 IST
Reason: Approved

സെക്ഷൻ ഓഫീസർ